(Pages : 4) **S – 7535**

**Reg. No. : .............................**

**Name : .................................**

**Second Semester B.A./B.Sc./B.Com. Degree Examination, March 2024**

**First Degree Programme under CBCSS**

**Double Main Programme**

**Language Course II – Additional Language – Malayalam**

**ML 1211.3 : ദൃശ്യകലാസാഹിത്യം**

**(2021 Admission Onwards)**

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. 'കേരളത്തിലെ ശാകുന്തളം' എന്ന് മുണ്ടശ്ശേരി വിശേഷിപ്പിച്ച ആട്ടക്കഥ?

2. തുള്ളലുകൾ എത്രവിധം? ഏതെല്ലാം?

3. മലയാള ഭാഷയിലെ ആദ്യനാടകമായി കരുതിപ്പോരുന്ന കൃതി?

4. സി.ജെ. തോമസ് എഴുതിയ നാടക ലക്ഷണ ഗ്രന്ഥം?

5. കാളിദാസന്റെ നാടകത്രയം ഏവ?

6. കേരളപാണിനി എന്നറിയപ്പെടുന്നതാര്?

7. സി.ജെ. തോമസിന്റെ പ്രധാന നാടകങ്ങൾ ഏതെല്ലാം?

8. എഡിറ്റിംഗ് എന്ന വിദ്യ ആദ്യമായി പ്രയോഗിക്കപ്പെട്ടത് ഏത് ചിത്രത്തിലാണ്?

9. ഇന്ത്യൻ സിനിമയുടെ പരമാചാര്യൻ ആര്?

10. ആദ്യത്തെ മലയാള ചലച്ചിത്രമേത്? പുറത്തിറങ്ങിയ വർഷമേത്?

**(10 × 1 = 10 Marks)**

**P.T.O.**

II. **അൻപതു** വാക്കിൽ കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരം എഴുതുക.

11. ''എന്തുപോൽ ഞാനിന്നു ചെയ്‌വേൻ
ബന്ധവോ മേ വൈരികളായ്
അന്തകവൈരി പാദചിന്തനം കുറകയോ?
ബന്ധമെന്നിനിക്കേവം സന്താപം വരുവാൻ....?''
- ആരാണിങ്ങനെ ചിന്തിക്കുന്നത്? സന്ദർഭം വ്യക്തമാക്കുക.

12. ''നെഞ്ചിൽ നമുക്കൊരുപായം തോന്നീ
കിഞ്ചിൽ ഗുണമതിനുണ്ടാമിപ്പോൾ'' - ആർക്കാണ് ഉപായം തോന്നിയത്? എന്തായിരുന്നു ആ ഉപായം?

13. ''ആരിവൾ മൂടുപടത്താ -
ലേറെത്തെളിയാത്ത ഗാത്രകാന്തിയോടേ
മാമുനിമാരുടെ നടുവിൽ -
ക്കാമിനി തളിർപോലെ വെള്ളിലക്കുള്ളിൽ?'' - സന്ദർഭവും സാരസ്യവും വിശദമാക്കുക.

14. തുള്ളലിന്റെ ഉത്ഭവത്തെക്കുറിച്ച് വിവരിക്കുക.

15. ''അദ്ദേഹം കവിയല്ല; പക്ഷേ സത്യസന്ധനാണ്, നല്ലവനാണ്'' ആര്? ആരെക്കുറിച്ചാണിങ്ങനെ പറയുന്നത്?

16. ''മതിയെടി കൊഞ്ചിക്കല്, കഞ്ഞിവേണങ്കി വന്ന് നക്കിക്കോളാൻ പറ'' - ആരുടേതാണീ വാക്കുകൾ? സന്ദർഭമെഴുതുക.

17. ''നിനവില്ല നിരാകൃതയാം
മുനികന്യകയെ വേട്ടതായെനിക്കൊട്ടും
എങ്കിലുമുള്ളു ചുടുമ്പോൾ
ശങ്ക മറിച്ചും ജനിച്ചതുണ്ടൽപം''
- ആരാണിങ്ങനെ ചിന്തിക്കുന്നത്? എന്തുകൊണ്ട്?

18. ''പ്രേമം ഒരുവനെ ചെറുതാക്കുന്നുവെങ്കിൽ ഞാൻ ഒരു മണൽത്തരിയോളമായിക്കൊള്ളട്ടെ...'' ആരുടെ വാക്കുകൾ? സന്ദർഭമെന്ത്?

19. ''ആധി വ്യാധികളിലും പ്രീതിദമൗഷധം കേൾ
സ്വാധീന സഹധർമ്മിണീതി നീ ധരിക്കേണം...''
ആരാണിങ്ങനെ സാന്ത്വനിപ്പിക്കുന്നത്? വിശദീകരിക്കുക.

20. ''കള്ളന്മാരാം നിങ്ങളെ ഞങ്ങൾ-
ക്കെള്ളോളം ബഹുമാനമതില്ലാ
ഉള്ളം തന്നിലഹംഭാവം കണ-
കൊള്ളുന്നേര മതൂർദ്ധ്വമതാകും'' - ആര്? ആരോടു പറഞ്ഞു? വിശദീകരിക്കുക.

21. ''ഹൃദയമേ ആശങ്ക ശരിയായി'' - ആരുടെ വിഷാദത്തെയാണീ വാക്കുകൾ പ്രതിഫലിപ്പിക്കുന്നത്? വിശദമാക്കുക.

22. ''അതിലൊരു രാക്ഷസി വല്ല്യമ്മയെപ്പോലുണ്ട്. എന്തു സാമ്യം!''
ആരുടെ വാക്കുകൾ? സന്ദർഭമെഴുതുക.

**(8 × 2 = 16 Marks)**

III. **നൂറു** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. ''ഊണിന്നാസ്ഥ കുറഞ്ഞു, നിദ്രനിശയി-
ങ്കല്പോലു മില്ലാതെയായ്,
വേണുന്നോരൊടൊരാഭിമുഖ്യമൊന്നേ -
രം നാസ്തി, നക്തം ദിവം
കാണും പോന്നു പുറത്തു നിന്നു കരയും
ഭൈമീ നളന്നന്തികേ
താനും പുഷ്കരനും തദീയ വൃഷവും
നാലാമതില്ലാരുമേ'' - സന്ദർഭമെഴുതി വിശദീകരിക്കുക.

24. ''പൊട്ടക്കുളമതു വിട്ടുതിരിച്ചാ-
ലട്ടയ്ക്കൊരു ഗതിയില്ലെന്നറിക
യഷ്ടികളേഭയമില്ല കുരയ്ക്കും
പട്ടികടിയ്ക്കില്ലെന്നു പ്രസിദ്ധം'' - സന്ദർഭം വ്യക്തമാക്കുക.

25. അതിനു മനസ്സു വരുന്നില്ല തിരുമേനീ! അവർ മരണത്തിന്റെ നടുവിലാണ് ജീവിക്കുന്നത് - സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

26. അടിയേറ്റ വേദനയേക്കാൾ ഓപ്പോൾ തന്റെ എതിർചേരിയിലായതിന്റെ ദുഃഖമാണപ്പുവിന് - ഓപ്പോൾ എതിർചേരിയിലായതെങ്ങനെ?

27. 'ആടുകയും ചിലർ പാടുകയും ചില-
രോടുകയും ചിലർചാടുകയും ചിലർ-
വാട്ടുകയും ചിലർ തേടുകയും ചിലർ
ചോടുകൾ വച്ചിടകൂടുകയും ചിലർ' - വിവരിക്കുക.

28. 'കൊല്ലാൻ വയ്യല്ലോ എന്റെ വയറ്റിലിട്ടതല്ലേ പത്തുമാസം' - ആരുടെ വാക്കുകൾ? വിശദീകരിക്കുക.

29. 'ദേവനത്തിലേ തോറ്റുപോയ് വനം തേടി
വേദനകളും വന്നു ഭാവന മൂടി
നാവിന്നുണ്ടഴൽ ചൊൽവാൻ നവ പ്രേമധാടി,
പേവശാൽ പ്രസുപ്താം മാം വെടിഞ്ഞവനോടി....'
- വിശദീകരിക്കുക.

30. 'ഈ ഓപ്പോൾക്ക് ചിലപ്പോൾ ഭ്രാന്താ' - അപ്പു ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത്?

31. 'മരങ്ങൾ കാറ്റേറ്റു കുനിഞ്ഞു ചാഞ്ഞിടും
ധരിച്ചു നീരം ജലദങ്ങൾ തൂങ്ങിടും,
ശിരസ്സു സത്തർക്കുയിരാ സമൃദ്ധിയാൽ
പരോപകാരിക്കിതു ജന്മസിദ്ധമാം'
- വിശദീകരിക്കുക.

**(6 × 4 = 24 Marks)**

IV. **മുന്നൂറു** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. നളചരിതത്തിലെ നാടകീയതയെക്കുറിച്ച് വിവരിക്കുക.

33. ഘോഷയാത്രയെ മുൻനിറുത്തി കുഞ്ചൻനമ്പ്യാരുടെ ആഖ്യാനപാടവത്തെക്കുറിച്ച് വിവരിക്കുക.

34. അനുകല്പനമെന്നാൽ എന്ത്? ഓപ്പോൾ എന്ന തിരക്കഥയെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

35. വിശ്വാസ വഞ്ചനയ്ക്ക് പാത്രമായ കഥാപാത്രമാണ് ഊറിയ 'ആ മനുഷ്യൻ നീ തന്നെ' എന്ന നാടകത്തെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക.

**(2 × 15 = 30 Marks)**